File No.LSGD-DA1/273/2016-LSGD

GO Rt/2479/2017/LSGD

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനം ഉൽപാദിപ്പിക്കുന്ന മരുന്നുകൾ വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. /2017/തസ്വഭവ തീയതി, തിരുവനന്തപുരം, 19.07.2017

വായന :- 1) കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) പ്രസിഡന്റിന്റെ 06.09.16 ലെ അപേക്ഷ

2) പഞ്ചായത്ത് ഡയറക്ടറുടെ 08.05.17-ലെ ജെ1/12593/17 നമ്പർ കത്ത്

3) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 28.01.17-ലെ ഡി.സി.1/16515/2016 നമ്പർകത്ത്

4) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 07.06.2017 ലെ 3.17-ാം നമ്പർ തീരുമാനം.

5) ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 5.07.2017 ലെ സി2-2673/2017 നം. കത്ത്.

ഉത്തരവ്

മുകളിൽ വായിച്ച 2,3,5 കത്തുകൾ പ്രകാരം യഥാക്രമം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ എന്നിവരുടെ ശുപാർശയുടേയും നാലാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനം ഉൽപാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളുടെ ആവശ്യങ്ങൾക്കായി 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവോടെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് ഒരു വർഷത്തേക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/ചെയർമാൻ/സെക്രട്ടറി, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും(പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, എന്നിവർ മുഖേന)
പ്രസിഡന്റ്, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം), മുണ്ടയ്ക്കൽ, കൊല്ലം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.LSGD-DA1/273/2016-LSGD

GO Rt/2479/2017/LSGD

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്